പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 264 | 07.02.2018 ൽ മറുപടിക്ക്

## തിരുവനന്തപുരം റെയിൽവേ ഡിവിഷൻ വിഭജനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാ ഗോപി<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>,, ജി.എസ്.ജയലാൽ<br>,, വി.ആർ. സുനിൽ കുമാർ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം റെയിൽവേ ഡിവിഷൻ വിഭജിക്കുന്നതിന് നീക്കമുള്ളതായി അറിവുണ്ടോ; വ്യക്തമാക്കുമോ; | (എ) തിരുവനന്തപുരം-തിരുനെൽവേലി പാതയും നാഗർകോവിൽ - കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽ നിന്നും വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ബഹു. മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിക്കും കത്തുകൾ അയച്ചിട്ടുണ്ട്. കേരളത്തിന്റെ റെയിൽവേയുടെ ചുമതലയുള്ള പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്കും ഇതു സംബന്ധിച്ച് കത്ത് അയച്ചിട്ടുണ്ട്. കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലവും റെയിൽവേയിൽ നിന്നും ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതു മൂലവും കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സർക്കാർ കേന്ദ്ര സർക്കാരുമായി ചേർന്ന് 51:49 ഓഹരി അനുപാതത്തിൽ ഒരു സംയുക്ത സംരംഭക കമ്പനി രൂപീകരിച്ചിരുന്നു. ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടു പോകുന്ന സാഹചര്യമാണ് ഉള്ളത്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം - പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയവും കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോർട്ടിന് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനായി വികസിച്ചു വരുന്ന നേമം സ്റ്റേഷനെ വേർപെടുത്താനുള്ള ശ്രമങ്ങളും കൂടാതെ തിരുവനന്തപുരം - തിരുനെൽവേലി പാതയും, നാഗർകോവിൽ-കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽ നിന്ന് വേർപ്പെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കാനുള്ള ശ്രമങ്ങളും ഉപേക്ഷിക്കണമെന്നും പ്രധാന മന്ത്രിക്കും റെയിൽവേ മന്ത്രിക്കും അയച്ച കത്തുകളിൽ |

ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കത്തിന് മറുപടിയായി തിരുവനന്തപുരം ഡിവിഷന്റെയോ മധുരൈ ഡിവിഷന്റെയോ അധികാരപരിധി പുനർ നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളൊന്നും റെയിൽവേയുടെ പരിഗണനയിൽ ഇല്ല എന്ന് കേന്ദ്ര റെയിൽവേ മന്ത്രി 27.11.2017 ൽ അയച്ച കത്തിൽ അറിയിച്ചിട്ടുണ്ട്.

(ബി) ദക്ഷിണ റെയിൽവെ ആസ്ഥാനത്തെ ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്ന് വിഭജന സാധ്യത ആരാഞ്ഞുകൊണ്ട് തിരുവനന്തപുരം, മധുര ഡിവിഷൻ ഓഫീസുകളിലേക്ക് കത്ത് നല്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നേമം റെയിൽവെ ടെർമിനൽ, നിർദ്ദിഷ്ട വിഴിഞ്ഞം തുറമുഖ റെയിൽ പദ്ധതി തുടങ്ങിയവ പ്രസ്തുത വിഭജനത്തിന് ശേഷം മധുര ഡിവിഷന്റെ ഭാഗമാകുകയാണെങ്കിൽ സംസ്ഥാനത്തിന് ഏതൊക്കെ തരത്തിലുള്ള നഷ്ടം സംഭവിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) യും (സി) യും ദക്ഷിണ റെയിൽവെ ആസ്ഥാനത്തെ ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്ന് വിഭജന സാധ്യത ആരാഞ്ഞുകൊണ്ട് തിരുവനന്തപുരം, മധുര ഡിവിഷൻ ഓഫീസുകളിലേക്ക് കത്ത് നല്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാൻ തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ മേൽപറഞ്ഞ പ്രകാരമുള്ള ഒരു വിഭജന സാധ്യത നിലവിൽ ഇല്ലാത്തതിനാൽ വരുമാന നഷ്ടം സംബന്ധിച്ച സാധ്യതാപഠനം ഇതുവരെ നടത്തിയിട്ടില്ല.

(ഡി) സർക്കാർ ജീവനക്കാരും മറ്റും ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന പ്രതിദിന എക്സ്പ്രസ്സ് ട്രെയിനുകളുടെ വൈകിയോട്ടവും ആവശ്യത്തിന് ജനറൽ കോച്ചുകൾ ഇല്ലാത്തതിനാൽ യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) സർക്കാർ ജീവനക്കാരും മറ്റും ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന പ്രതിദിന എക്സ്പ്രസ്സ് ട്രെയിനുകളുടെ വൈകിയോട്ടവും ആവശ്യത്തിന് ജനറൽ കോച്ചുകൾ ഇല്ലാത്തതിനാൽ യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുവാൻ റെയിൽവേയോട് ആവശ്യപ്പെടുന്നതാണ്. രാജധാനി എക്സ്പ്രസ്സ് ആഴ്ചയിൽ 5 ദിവസം ഓടിക്കുവാനും എൽ.ബി.എച്ച് കോച്ചുകൾ ഉൾപ്പെടെ പുതിയ കോച്ചുകൾ ട്രെയിനുകളിൽ ഏർപ്പെടുത്തുവാനും തിരുവനന്തപുരത്തിനും കൊച്ചിയ്ക്കും ഇടയിൽ ശതാബ്ദി എക്സ്പ്രസ്സ് ഏർപ്പെടുത്തുവാനും റെയിൽവേ ബോർഡ് ചെയർമാനുമായി നടത്തിയ മീറ്റിംഗിൽ ആവശ്യപ്പെട്ടിരുന്നു. 23 കോച്ചുകൾ വീതമുള്ള 5 ജോഡി ട്രെയിനുകളിൽ അധിക കോച്ചുകൾ ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുവാനും റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ